മെട്രോ വാർത്ത

12 January 2026

# രുചിയൂറും തനത് വിഭവങ്ങളും കടലറിവുമായി ലക്ഷദ്വീപ് മത്സ്യമേള

കൊച്ചി: കടലറിവുകളും ലക്ഷദ്വീപിന്റെ പൈതൃകവും സമന്വയിപ്പിച്ച ത്രിദിന മത്സ്യമേളയ്ക്ക് കവരത്തിയിൽ തുടക്കം. പരമ്പരാഗത രീതിയിൽ തയാറാക്കുന്ന രുചിയൂറും കടൽ വിഭവങ്ങൾ, നാടൻ ഉത്പന്നങ്ങൾ, കടൽ പായലിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങൾ, സാങ്കേതികവിദ്യാപ്രദർശനം, സാംസ്കാരികോത്സവം തുടങ്ങിയവയാണ് മേളയിലുള്ളത്.

കേന്ദ്ര മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു (സിഎംഎഫ്ആർഐ) കീഴിലെ ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിക്കുന്ന മേള വൻജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ലക്ഷദ്വീപിലെ വിവിധ ദ്വീപുകൾ, കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് സന്ദർശകർ. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഉപദേശകൻ ഡോ. എസ്.ബി. ദീപക് കുമാർ മേള ഉദ്ഘാടനം ചെയ്തു. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഡോ. ബി.കെ. ബെഹറ അധ്യക്ഷത വഹിച്ചു.

കടൽ പായൽ പായസം, മീൻ ചക്കരെ, നീരാളി ഫ്രൈ, ട്യൂണ (ചൂര) കൊണ്ടുള്ള വിവിധ വിഭവങ്ങൾ, പല തരം നാടൻ പലഹാരങ്ങൾ തുടങ്ങിയവ മേളയിൽ ലഭ്യമാണ്. വിവിധ ദ്വീപുകളിലെ സ്ത്രീ കൂട്ടായ്മകൾ തയ്യാറാക്കിയ വിഭവങ്ങൾ മേളയിൽ ശ്രദ്ധ പിടിച്ചുപറ്റി.



കവരത്തിയിൽ സിഎംഎഫ്ആർഐയുടെ കീഴിലുള്ള ലക്ഷദ്വീപ് കെവികെ സംഘടിപ്പിച്ച മത്സ്യമേള ഡോ. എസ്.ബി. ദീപക് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

മത്സ്യബന്ധന മേഖലയിലെ ആധുനിക ഉപകരണങ്ങൾ, ശീതീകരണ സംവിധാനങ്ങൾ, ശാസ്ത്രീയമായ മത്സ്യകൃഷി രീതികൾ എന്നിവയെക്കുറിച്ചുള്ള പ്രദർശനവും മേളയിലുണ്ട്. മത്സ്യബന്ധന-മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട 72 സ്റ്റാളുകളാണ് മേളയിലുള്ളത്.

ഉദ്ഘാടന ചടങ്ങിൽ ജില്ലാ കലക്ടർ ഡോ. ഗിരി ശങ്കർ, ഫിഷറീസ് സെക്രട്ടറി രാജ് തിലക്, ഫിഷറീസ് ഡയറക്ടർ കെ. ബുസർ ജംഹർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, സിഐഎഫ്ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ, ഡോ. വി. വെങ്കടസുബ്രമണ്യൻ, കെവികെ മേധാവി ഡോ. പി.എൻ. ആനന്ദ് തുടങ്ങിയവർ പ്രസംഗിച്ചു.